**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1434 31-10-2019 -ൽ മറുപടിക്ക്

**കണ്ണൂർ ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ നൽകിയ ധനസഹായം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.സി.ജോസഫ്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2019 ലെ പ്രളയക്കെടുതികളിൽ കണ്ണൂർ ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിച്ച എത്രപേർക്ക് 10,000/- രൂപ ധനസഹായം നൽകിയെന്ന് അറിയിക്കുമോ; | എ) | 2019 ലെ പ്രളയക്കെടുതികളിൽ കണ്ണൂർ ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിച്ച 6411 പേർക്ക് 10,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. |
| ബി) | എത്ര കുടുംബങ്ങളാണെന്നു പ്രളയം മൂലം വീട് മാറി താമസിച്ചതെന്നും ഇവർക്ക് ധനസഹായം നൽകിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാരണം എന്താണെന്നും വ്യക്തമാക്കാമോ; | ബി) | പ്രളയം മൂലം വീട് മാറി താമസിച്ചവരുടെ കണക്കെടുപ്പ് നടന്നു വരുന്നു. |
| സി) | പ്രളയം മൂലം വസ്തുവകകൾ നഷ്ടപ്പെട്ട ചെങ്ങളായി, ശ്രീകണ്ഠപുരം, പേരട്ട, തൊട്ടിൽപ്പാലം, അലക്സ് നഗർ തുടങ്ങിയ പ്രദേശങ്ങളിലെ വ്യാപാരികൾക്ക് എത്ര ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ; | സി) | പ്രളയം മൂലം വ്യാപാരികൾ നേരിടുന്ന നാശനഷ്ടത്തിന്റെ കണക്കെടുപ്പ് റവന്യൂ വകുപ്പ് മുഖേന നടത്തിയിട്ടില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം വ്യാപാര സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന നാശനഷ്ടത്തിന് ആശ്വാസ ധനസഹായം നൽകുന്നതിന് വ്യവസ്ഥയില്ല. |
| ഡി) | വസ്തുവകകളും വീടും നഷ്ടപ്പെട്ടവർക്ക് പതിനായിരം രൂപയ്ക്ക് പുറമെ സഹായം നൽകാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | ഡി) | സംസ്ഥാന സർക്കാർ ദുരന്തത്തിൽ തകർന്നുപോയ വീടുകളുടെ പുനർനിർമ്മാണത്തിനുള്ള Minimum Relief code നിർണ്ണയിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്നതോ 75% അധികം തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാകുകയും ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് 4 ലക്ഷം രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ മലയോര മേഖലയിൽ 1,01,900 രൂപയാണ് (സമതലത്തിൽ 95100 രൂപ) ഇതിനായി അനുവദിച്ചിട്ടുള്ളത്. ആകെ നൽകുന്ന 4 ലക്ഷത്തിൽ ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് |

| | | | |
|---|---|---|---|
| | | | നൽകുന്നത്. Minimum Relief Code അനുസരിച്ച് സംസ്ഥാനത്തെ ദുരന്തങ്ങളിൽ തകരുന്ന വീടുകൾക്ക് നേരിട്ടിട്ടുള്ള നാശനഷ്ടത്തിന്റെ തോതനുസരിച്ച് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ത്തിനു മേലെ എന്നിങ്ങനെ അഞ്ചു വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിലും ധനസഹായനിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്.<br>പൂർണ്ണമായും സ്ഥലം ഒഴുകി പോയവർക്ക് സ്വന്തമായി കേരളത്തിൽ സ്ഥലം ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീട്ടു നിർമ്മാണത്തിന് അനുയോജ്യം അല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ, പ്രമാണത്തിൽ ഉള്ള തുകയോ, എതാണോ കുറവ് ആ തുക അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ തകർന്ന വീടുകളുടെ കണക്കെടുപ്പ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ